**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5225** **23.05.2017 ൽ മറുപടിയ്ക്ക്**

**നാളികേര കൃഷിയുടെ വികസനത്തിനും സംരക്ഷണത്തിനുമായി പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) നാളികേര കൃഷിയുടെ വികസനത്തിനും സംരക്ഷണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എവിടെയെല്ലാമാണ് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ; | എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാന ആവിഷ്കൃത പദ്ധതി 2017-18 വർഷവും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| ബി) ഈ സർക്കാരിന്റെ കാലത്ത് ഈ മേഖലയിൽ നേട്ടങ്ങൾ ഉണ്ടാക്കാനായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം? | ബി) ഉണ്ട്. 2016- 17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സംസ്ഥാന ആവിഷ്കൃത പദ്ധതിയായ "കേരഗ്രാമം" നടപ്പിലാക്കുകയുണ്ടായി. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതുതായി തിരഞ്ഞെടുത്ത 59 ഗ്രാമ പഞ്ചായത്തു പ്രദേശങ്ങളിലായി നടപ്പിലാക്കുകയും 3803.7726 ലക്ഷം രൂപ പദ്ധതിക്കായി ചെലവിടുകയുമുണ്ടായി. കൂടാതെ കേരഗ്രാമം പദ്ധതിയിലൂടെ തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, ജീവാണു വളം, സസ്യസംരക്ഷണ വസ്തുക്കൾ എന്നിവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ |

നടുക തുടങ്ങിയ സംയോജിത വിള പരിപാലന മുറകൾ 11977.973 ഹെക്ടർ കൃഷി സ്ഥലത്ത് നടപ്പിലാക്കുകയും 1240.75816 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും 3828 തെങ്ങ് കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുകയും 454 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രാദേശിക ആവശ്യങ്ങൾക്കായി 14 തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തു. പ്രോജക്ട് അടിസ്ഥാനത്തിൽ കൂട്ടായ പ്രവർത്തനങ്ങൾക്കും, മൂല്യ വർദ്ധിത സംരംഭങ്ങൾ നടപ്പിലാക്കുവാനും പഞ്ചായത്തുതല കേരസമിതികൾ/ സൊസൈറ്റികൾക്ക് 281.54482 ലക്ഷം രൂപ നൽകുകയും ഉണ്ടായി.

S. [signature]

**സെക്ഷൻ ഓഫീസർ**